**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **15-03-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ; | (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ക്ഷീര കർഷകർക്കായി മിൽമ മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ക്ഷീരോല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീരോല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു. വർഷം ക്ഷീരോല്പാദനം (മെ.ടൺ) 2016-17 25.20 2017-18 25.76 2018-19 26.00 2019-20 27.00 2020-21 27.50 |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികൾ | | | | | |
|---|---|---|---|---|---|
| | **2016-17** | **2017-18** | **2018-19** | **2019-20** | **2020-21** |
| ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 450 | 495 | 545 | 1050 | 1000 |
| ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | Nil | 2000 | 2307.66 | 1550 | 1533 |
| ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ | 450 | 466 | 504 | 400 | 400 |
| മിൽക്ക് ഷെഡ് വികസന പദ്ധതി | 3892 | 4179 | 4600 | 5093 | 4028 |
| കാലിത്തീറ്റ സബ്സിഡി | 1350 | 1400 | 1500 | 1400 | 1300 |
| തീറ്റപ്പുൽകൃഷി വ്യാപനപദ്ധതി | 500 | 600 | 660 | 760 | 760 |
| വയനാട് പാക്കേജ് | Nil | Nil | 25 | 25 | 25 |

## അനുബന്ധം 2

**തിരുവനന്തപുരം മേഖലായൂണിയൻ 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീരകർഷകർക്കായി ആവിഷ്കരിച്ച പദ്ധതികൾ.**

- ക്ഷീരകർഷകർക്കുള്ള ഉത്പാദന ഇൻസെൻറീവ് പദ്ധതികൾ
- ഇൻഷ്വറൻസ് സുരക്ഷാ – കർഷകർക്കുള്ള അപകട ഇൻഷ്വറൻസ്
- സംഘം ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ്
- കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൾ
- അംഗങ്ങൾക്കുള്ള മരണാനന്തര ധനസഹായ പദ്ധതികൾ
- അംഗങ്ങളുടെ മക്കൾക്കുള്ള ഉപരിപഠന സ്കോളർഷിപ്പുകൾ
- കാലിത്തീറ്റ സബ്സിഡി പദ്ധതികൾ, സെമിനാറുകൾ
- മൃഗ ചികിത്സാ ക്യാമ്പുകൾ
- സംഘങ്ങൾക്ക് കെട്ടിട നിർമ്മാണ/പുനരുദ്ധാരണ ധനസഹായം, പ്രളയ ദുരിതാശ്വാസ പദ്ധതികൾ

ഇതിനായി 2016–17 വർഷത്തിൽ 15 കോടി രൂപയും 2017–18 വർഷത്തിൽ 27 കോടി രൂപയും 2018–19 വർഷത്തിൽ 16 കോടി രൂപയും 2019–20 വർഷത്തിൽ 10 കോടി രൂപയും 2020–21 വർഷത്തിൽ 13 കോടി രൂപയും നടപ്പുവർഷത്തിൽ 11 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**എറണാകുളം മേഖലായൂണിയൻ നടപ്പിലാക്കിയ പദ്ധതികൾ**

- ക്ഷീരകർഷക ക്ഷേമനിധി
- കന്നുകാലിത്തീറ്റ വില സന്തുലന നിധി
- ക്ഷീരകർഷക ഇൻഷ്വുറൻസ് സബ്സിഡി (മെഡിക്ലെയിം)
- സംഭരണത്തിൻറെ 80 ശതമാനമോ അതിൽ കൂടുതലോ പാൽ മേഖലാ യൂണിയന് നൽകുന്ന സംഘങ്ങൾക്ക് പ്രത്യേക ഇൻസെൻറീവ് കന്നുകാലി ഇൻഷ്വുറൻസ് പദ്ധതിക്കുള്ള സബ്സിഡിയ്ക്കായി
- അകിടുവീക്ക നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതി
- സബ്സിഡി നിരക്കിൽ വൈക്കോൽ വിതരണം

- കറവയന്ത്രത്തിന് സബ്സിഡി സ്വകാര്യ ഏജൻസികൾക്ക് പാൽ നൽകുന്ന ഫാം സെക്ടർ കർഷകരെ ആകർഷിക്കുന്നതിനായി പ്രതിദിനം ശരാശരി 50 ലിറ്ററോ അതിലധികമോ പാൽ സംഘങ്ങളിൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ഫാം ഇൻസെൻറീവ്.
- ക്ഷീര സംഘങ്ങൾക്ക് പാൽ നൽകുന്ന മുഴുവൻ കർഷകരുടേയും മുഴുവൻ കറവപ്പശുക്കളുടേയും വിരവിമുക്തമാക്കുന്നതിനുള്ള പദ്ധതി.
- സംഘങ്ങൾക്ക് ഇലക്ട്രിക് സെൻട്രിഫ്യൂജ് വാങ്ങുന്നതിന് 50% സബ്സിഡി
- കന്നുകാലി ലോൺ പലിശ സബ്സിഡി
- റബ്ബർമാറ്റ് വാങ്ങുന്നതിന് സബ്സിഡി
- പ്രഷർ വാഷ് വാങ്ങുന്നതിന് സബ്സിഡി
- വീൽബാരോ വാങ്ങുന്നതിന് സബ്സിഡി
- മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് സബ്സിഡി
- സംഘം ജീവനക്കാർക്കും കർഷർക്കും പരിശീലനം
- ജില്ലാതലത്തിൽ പ്രസിഡൻറുമാരുടെ യോഗങ്ങൾ
- പാൽ ക്യാനുകൾ വാങ്ങുന്നതിന് സബ്സിഡി
- പി&ഐ യൂണിറ്റ് തലത്തിലുള്ള കർഷകരുടെ മീറ്റിംഗ്

ഇവയ്ക്കു പുറമേ

- കെട്ടിട നിർമ്മാണ ഗ്രാൻറ്
- സംഘങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് ധനസഹായം
- ബിഎംസി സംഘങ്ങളിൽ ക്യാൻ കൺവെയറുകൾ സ്ഥാപിക്കുന്നതിന് ധനസഹായം
- ബിഎംസി സംഘങ്ങളിൽ സൗജന്യമായി വാട്ടർ ഹീറ്ററുകൾ
- സബ്സിഡി നിരക്കിൽ ബിഎംസി സംഘങ്ങളിലേക്ക് സാനിറ്റേസറുകൾ/ഡിറ്റർജൻറുകൾ
- എൻപിഡിഡി പദ്ധതിക്കു കീഴിൽ ലഭ്യമായ 2 കോടി രൂപ ഉപയോഗിച്ച് തിരഞ്ഞെടുക്കപ്പെട്ട 200 സംഘങ്ങളിൽ സ്മാർട്ട് എഎംസിയുകളുടെ സ്ഥാപനം പൂർത്തീകരിച്ചു.

2018 ലെ മഹാപ്രളയത്തിൽ എറണാകുളം മേഖലായൂണിയൻറെ പ്രവർത്തന പരിധിയിൽ 62 പശുക്കളേയും, 370 കിടാരികളേയും നഷ്ടപ്പെട്ടതായും, 300

ൽ പരം തൊഴുത്തുകൾ പൂർണമായും ആയിരത്തോളം തൊഴുത്തുകൾക്ക് ഭാഗികമായും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതിനുപുറമേയാണ് കാലിത്തീറ്റയും, പുൽകൃഷിയും, വൈക്കോലും നഷ്ടപ്പെട്ടതുമൂലമുണ്ടായ നഷ്ടങ്ങൾ. ക്ഷീര സംഘങ്ങളിലെ പാൽ പരിശോധന ഉപകരണങ്ങളും, കംപ്യൂട്ടറുകളും, റിക്കാർഡുകളും പ്രളയത്തിൽ നഷ്ടപ്പെട്ടു പോയിട്ടുണ്ട്. എറണാകുളം മേഖലായൂണിയൻ, പ്രളയത്തിൽ നഷ്ടപ്പെട്ട പശു ഒന്നിന് 10000/-രൂപ നിരക്കിലും കിടാരിക്ക് 5000/-രൂപ നിരക്കിലും പൂർണമായി തകർന്ന തൊഴുത്തിന് 7500/-രൂപ നിരക്കിലും, കർഷകർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു. ഈ ഇനത്തിൽ ആകെ 102 ലക്ഷം രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്. ഇതിനുപുറമേ 25 ലക്ഷം രൂപ വൈക്കോൽ വിതരണത്തിനുള്ള സബ്സിഡിയായി നൽകിയിട്ടുണ്ട്. പ്രളയ ദുരിതാശ്വാസത്തിനായി എറണാകുളം മേഖലായൂണിയൻ എൻപിഡിഡി യുടെ സാമ്പത്തിക സഹായത്തോടെ കർഷകർക്ക് പശുക്കളേയും കിടാരികളേയും വാങ്ങുന്നതിനും തൊഴുത്ത് പുനരുദ്ധാരണത്തിനും പുതിയ തൊഴുത്ത് നിർമ്മാണത്തിനുമായി ധനസഹായം നൽകിയിട്ടുണ്ട്.

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് എൻപിഡിഡി പദ്ധതി പ്രകാരം അനുവദിച്ചു കിട്ടിയ പ്രത്യേക ധനസഹായത്തിൻറെ ഘടകപദ്ധതികൾ താഴെ കൊടുക്കുന്നു.

- പൂർണമായും തകർന്ന കാലിത്തൊഴുത്തുകൾക്കുള്ള ധനസഹായം 25000/- രൂപ നിരക്കിൽ 500 തൊഴുത്തുകൾക്ക് - 125 ലക്ഷം രൂപ
- ഭാഗികമായി തകർന്ന കാലിത്തൊഴുത്തുകൾക്കുള്ള ധനസഹായം 15000/- രൂപ നിരക്കിൽ 1000 തൊഴുത്തുകൾക്ക് - 150 ലക്ഷം രൂപ
- 3000 റബർ മാറ്റുകൾക്ക് 750/-രൂപ വീതം സബ്സിഡി - 22.50 ലക്ഷം രൂപ
- 140 കിടാരികളെ വാങ്ങുന്നതിന് 30000/-രൂപ നിരക്കിൽ ധനസഹായം -21 ലക്ഷം രൂപ
- പശുക്കളേയും കിടാരികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം 3000/-, 1500/- രൂപ നിരക്കിൽ - 6.30 ലക്ഷം രൂപ
- വൈക്കോൽ വിതരണത്തിന് കി.ഗ്രാമിന് 2.00 രൂപ നിരക്കിൽ ധനസഹായം - 60 ലക്ഷം രൂപ.

169 സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചു കൊണ്ട് സംഭരണ സ്ഥലത്തുവച്ചു തന്നെ പാൽ ശീതീകരിക്കുന്നതിനും, ശീതീകരിച്ച പാൽ ഇൻസുലേറ്റഡ് ടാങ്കറുകളിൽ ഡയറികളിൽ എത്തിക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കി പാലിൻറെ ഗുണനിലവാരം ഉയർത്തുന്നു. 200 സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് പാലിൻറെ ഗുണനിലവാരം പരിശോധിച്ചുകൊണ്ട് പാൽ വില നിർണയത്തിൽ കൃത്യതയും സുതാര്യതയും ഉറപ്പാക്കി. നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെൻറ് ഫ്ളഡ് പദ്ധതിക്കു

കീഴിൽ 100 സ്മാർട്ട് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകളും 246 ഇലക്ട്രോണിക് മിൽക്കോ ടെസ്റ്ററുകളും കൂടി സ്ഥാപിച്ചു പാലിൻെറ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പ്രാഥമിക സംഘങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. പശുക്കളിലെ അകിടുവീക്കം, നേരത്തേകൂട്ടി കണ്ടു പിടിക്കുന്നതിന് സഹായിക്കുന്ന സിഎംടി കിറ്റുകൾ സംഘങ്ങളിലൂടെ കർഷകർക്ക് വിതരണം ചെയ്തു. ആനന്ദ് മാതൃകാ സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് സിഎംപി പദ്ധതിക്കു കീഴിൽ സ്റ്റെയിൻലെസ്റ്റീൽ കൊണ്ടുള്ള പാൽ പാത്രങ്ങൾ നൽകി.

പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ധനസഹായത്തോടെ വിജയകരമായി പൂർത്തിയാക്കിയതും തുടരുന്നതുമായി വരുന്ന പദ്ധതികൾ

- വാണിയമ്പാറ ഡയറി പ്രോജക്ടും അതിൻെറ പോസ്റ്റ് പ്രോജക്ട് സപ്പോർട്ട് പദ്ധതിയും ( 17.50 ലക്ഷം രൂപ ചെലവിൽ) പൂർത്തിയാക്കി
- ഇടുക്കി ജില്ലയിൽ ഉപ്പുതറ സംഘവുമായി ബന്ധപ്പെട്ട് മേമാരി-കണ്ണമ്പടി ഡെയറി പ്രോജക്ട് (പട്ടിക വർഗ്ഗ വികസന വകുപ്പിൻെറ 116.5 ലക്ഷം രൂപ ധനസഹായത്തോടെ) വിജയകരമായി പൂർത്തിയാക്കി.
- എറണാകുളം ജില്ലയിലെ കുട്ടമ്പുഴയിൽ (പട്ടിക വർഗ്ഗ വികസന വകുപ്പിൻെറ 167.51 ലക്ഷം രൂപ ധനസഹായത്തോടെ)) ഒരു ഡയറി പ്രോജക്ടും അതിൻെറ പോസ്റ്റ് പ്രോജക്ട് സപ്പോർട്ട് പദ്ധതിയും വിജയകരമായി പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിലെ മച്ചിപ്ലാവിൽ പട്ടിക വർഗ്ഗ വികസന വകുപ്പിൻെറ 219.10 ലക്ഷം രൂപയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന മച്ചിപ്ലാവ് ഡയറി പ്രോജക്ട് വിജയകരമായി പൂർത്തിയാക്കി.
- കോട്ടയം ജില്ലയിലെ മേലുകാവ്, മൂന്നിലവ് പഞ്ചായത്തുകളിലായി ആദിവാസി കോളനികളിൽ പട്ടികവർഗ്ഗ വികസനവകുപ്പിൻെറ ധനസഹായത്തോടെ എറണാകുളം മേഖലായൂണിയൻ നടപ്പിലാക്കുന്ന 164.36 ലക്ഷം രൂപയുടെ കോലാനി ഡയറി പ്രോജക്ട് വിജയകരമായി നടപ്പിലാക്കി വരുന്നു.

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിച്ച് സംസ്കരിച്ച് വിൽപന നടത്തി കർഷകർക്ക് കൃത്യമായ വില നൽകുവാൻ എറണാകുളം മേഖലായൂണിയന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് 19- ന്റെ വ്യാപനം അനിയന്ത്രിതമാവുകയും ചിലയിടങ്ങളിൽ സമൂഹവ്യാപനം സ്ഥിരീകരിക്കുകയും ചെയ്ത് സാഹചര്യത്തിൽ സംസ്ഥാന സർക്കാരിൻെറ സമയോചിതമായ നീക്കങ്ങളും കോവിഡ് കാലഘട്ടത്തിലും ക്ഷീര മേഖലയെ പ്രതിസന്ധികളിൽ നിന്നും സംരക്ഷിക്കുന്നതിന് സഹായിച്ചു. ഹോട്ടലുകളും വാണിജ്യസ്ഥാപനങ്ങളും അടഞ്ഞു കിടന്നിരുന്നതിനാൽ പാലിൻേറയും പാലുല്പന്നങ്ങളുടേയും വിപണന സാദ്ധ്യത ഇല്ലാത്ത സാഹചര്യത്തിലും കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ പാലും സ്വീകരിച്ചുകൊണ്ട് അവർക്ക് കൃത്യമായ വില നൽകുന്നതിന് യൂണിയന് സാധിച്ചു. എറണാകുളം മേഖലായൂണിയൻ

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും സംഘം ജീവനക്കാർക്കും കോവിഡ് ദുരിതാശ്വാസമെന്ന നിലയിൽ 1 കോടി രൂപ നൽകിയിട്ടുണ്ട്. മേഖലായൂണിയനു കീഴിലുള്ള എല്ലാ അംഗ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ തെർമൽ സ്കാനർ/സെൻസർ സാനിറ്റൈസർ മെഷീൻ എന്നിവ വിതരണം ചെയ്തു വരുന്നു. ഓറിയൻറൽ ഇൻഷുറൻസ് കമ്പനി ക്ഷീര കർഷകർക്കും സംഘം ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും വേണ്ടി ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുന്ന കൊറോണ രക്ഷക് ഇൻഷുറൻസ് പോളിസിയുടെ പ്രൊമോട്ടറായി എറണാകുളം മേഖലായൂണിയൻ വർത്തിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയിലെ വിദ്യാർത്ഥികൾക്ക് പഠനോപാധികൾ വിതരണം ചെയ്തു.

**<u>മലബാർ മേഖലായൂണിയനിൽ ആവിഷ്കരിച്ച പദ്ധതികൾ</u>**

- **<u>ഫാം സപ്പോർട്ട്</u>** : കുറഞ്ഞത് നാല് പശുക്കളെ വളർത്തുകയും, പ്രതിദിനം ശരാശരി 20 ലിറ്റർ പാൽ എങ്കിലും ആനന്ദ് മാതൃകാ ക്ഷീര സംഘത്തിൽ നൽകുകയും ചെയ്യുന്ന കർഷകർക്കും, 2 പശുക്കളെയെങ്കിലും വളർത്തി പ്രതിദിനം കുറഞ്ഞത് ശരാശരി 10 ലിറ്റർ പാൽ ക്ഷീര സംഘങ്ങളിൽ നൽകുകയും ചെയ്യുന്ന കർഷകർക്കും ഫാം സപ്പോർട്ട് പദ്ധതി വഴി ധനസഹായം അനുവദിച്ചുവരുന്നു. 2016-2022 കാലയളവിൽ 335.6 ലക്ഷം രൂപയുടെ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി.
- **<u>കിടാരി പരിപാലന പരിപാടി :</u>** 10-12 മാസം പ്രായമുള്ള കിടാരികളെ 18 മാസ കാലത്തേക്ക് ദത്തെടുത്ത്, പകുതി വിലയ്ക്ക് കാലിത്തീറ്റയും, സൗജന്യമായി വിര മരുന്ന്, ധാതുലവണ മിശ്രിതം, മീനെണ്ണ, ഇൻഷുറൻസ് എന്നിവ നൽകുന്ന പദ്ധതിയാണിത്. 2016-2022 കാലയളവിൽ 1284.5 ലക്ഷം രൂപയുടെ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി.
- **<u>കാലിത്തൊഴുത്ത് ധനസഹായം :</u>** കാലിത്തൊഴുത്തിൻറെ തറ കോൺക്രീറ്റ് ചെയ്യുന്നതിനും തൊഴുത്ത് നിർമ്മാണത്തിനുമായി കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി. 2016-2022 കാലയളവിൽ 413.54 ലക്ഷം രൂപയുടെ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി.
- **<u>ക്ഷീരകർഷകരുടെ മക്കൾക്ക് യൂണിയൻ വക സ്കോളർഷിപ്പ് :</u>** ക്ഷീര കർഷകരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് മാർക്ക് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് മേഖലാ യൂണിയൻ വഴി നൽകുന്ന പദ്ധതിയാണിത്. 2016-2022 കാലയളവിൽ 18.76 ലക്ഷം രൂപയു ടെ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി.
- **<u>റിവോൾവിംഗ് ഫണ്ട് - സ്പെഷ്യൽ പാക്കേജുകൾ :</u>** നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കണ്ണൂർ, കോട്ടക്കൽ, എന്നീ പി&ഐ യൂണിറ്റു കളുടെ പരിധിയിൽ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മേഖലാ യൂണിയൻ കർഷകർക്ക് പശുക്കളെ വാങ്ങുന്ന തിനുള്ള പലിശ രഹിത വായ്പ

അനുവദിക്കുകയുണ്ടായി. 2016-2022 കാലയളവിൽ 187.6 ലക്ഷം രൂപയുടെ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി.

- **ഏറ്റവും നല്ല ക്ഷീരകർഷകർക്കുള്ള അവാർഡുകൾ :** മലബാർ മേഖലയിലെ ഏറ്റവും നല്ല ക്ഷീരകർഷകർക്ക് യൂണിയൻ/ജില്ലാ തലത്തിൽ അവാർഡുകൾ നൽകിവരുന്നു. യൂണിയൻ തലത്തിൽ 25000/- രൂപയും ജില്ലാതലത്തിൽ 10,000/- രൂപയും നൽകി വരുന്നു. 2016-2022 കാലയളവിൽ 2,45,000/ ലക്ഷം രൂപയുടെ അവാർഡുകൾ നൽകി.
- **ക്ഷീര സമാശ്വാസം :** അംഗസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരായ അംഗങ്ങൾക്ക് ഗുരുതരമായ അസുഖങ്ങൾക്കുള്ള ചികിത്സാർത്ഥം (കാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, കരൾ രോഗം) ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2016-2022 കാലയളവിൽ 27 ലക്ഷം രൂപയുടെ ധനസഹായം ഈ പദ്ധതിയിലൂടെ നൽകി.
- **ക്ഷീര സദനം :** അംഗസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരായ അംഗങ്ങൾക്ക് (സ്വന്തം പേരിൽ സ്ഥലമുള്ളവരും, സ്വന്തമായി വീടില്ലാത്തവരും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായവർ) ഭവന നിർമ്മാണ ധനസഹായത്തിന് ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം 6 കർഷകർക്ക് ആകെ 30 ലക്ഷം രൂപ നൽകുന്ന പദ്ധതി.
- **ക്ഷീര കാരുണ്യഹസ്ത പദ്ധതി :** അംഗസംഘങ്ങളിലെ പാലൊഴിക്കുന്ന അംഗങ്ങളുടെ 18 വയസ്സിൽ താഴെയുള്ള പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സാ ധനസഹായം എന്ന നിലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ഷീര കാരുണ്യഹസ്ത പദ്ധതി. ഈ പദ്ധതിയിലൂടെ ആകെ 76,339/-രൂപ ധനസഹായമായി നൽകി.
- **ക്ഷീര സുകന്യ :** യൂണിയനിലെ അംഗ സംഘങ്ങളിലെ മെമ്പർമാരുടെ പെൺകുട്ടികൾക്ക് നൽകുന്ന കരുതലിൻറെയും സംരക്ഷണത്തിൻറെയും ഭാഗമായി ക്ഷീര വികസന വകുപ്പിൻറെ അംഗീകാരത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ ആകെ 60,000/- രൂപ ധനസഹായമായി നൽകി.
- **കോവിഡ് ധനസഹായം :** ക്ഷീര സംഘം ജീവനക്കാർ/കർഷകർക്ക് 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. നാളിതുവരെ 4,50,000/-രൂപ ധനസഹായമായി നൽകി. കൂടാതെ കോവിഡ് ബാധിച്ച കർഷകർ/ക്ഷീര സംഘം ജീവനക്കാർക്ക് മിൽമ ഉൽപ്പന്നങ്ങൾ അടങ്ങിയ ഒരു കിറ്റും കോവിഡ് കാലയളവിൽ മേഖലാ യൂണിയൻ നൽകുകയുണ്ടായി. നാളിതുവരെ 1742 പേർക്ക് കിറ്റ് വിതരണം ചെയ്യുന്നതിനായി 8,71,000/-രൂപ മേഖലാ യൂണിയൻ ചെലവഴിച്ചു കഴിഞ്ഞു.

ഇത് കൂടാതെ

- ക്ഷീര കർഷകർക്ക് ചെലവു കുറഞ്ഞ പാലുൽപ്പാദനത്തിന് കറവ മാട്ടുകൾക്ക് പോഷക സമൃദ്ധമായ പച്ചച്ചോളത്തണ്ട്, സൈലേജ്, എന്നിവ സബ്സിഡിയോടെ ലഭ്യമാക്കുന്നു.
- കാലിത്തീറ്റയും ബദൽ തീറ്റ വസ്തുക്കളും ആവശ്യാനുസരണം ക്ഷീര കർഷകരിലേക്ക് എത്തിക്കുന്നു.
- സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്പ്മെൻറ് ഫൗണ്ടേഷൻ വഴി വൈക്കോൽ ബെയിലുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.
- 300 രൂപയ്ക്ക് ഡോക്ടറുടെ സേവനവും മരുന്നും കർഷക ഭവനത്തിൽ ലഭ്യമാക്കുന്ന വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റുകൾ.
- പാരമ്പര്യ ചികിത്സാവിധി പ്രകാരം അകിട് വീക്കം/കുളമ്പ് രോഗം മുതലായവ ഉൾപ്പെടെയുള്ള ഫലപ്രദമായ മൃഗ ചികിത്സ കർഷകരുടെ വീട്ടുപടിക്കൽ. വിദഗ്ദരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ വന്ധ്യതാ നിവാരണ ക്യാമ്പുകളും തുടർചികിത്സയും.
- കറവ മാട്ടുകളുടെ വർഗ്ഗോദ്ധാരണത്തിന് സൗജന്യ കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ.
- 50 ശതമാനം സബ്സിഡിയോടെ ധാതുലവണ മിശ്രിതം വിതരണം.
- ഉയർന്ന ഉത്പ്പാദനക്ഷമതയുള്ള തെരഞ്ഞെടുത്ത ഗർഭിണി പശുക്കൾക്ക് 70 ശതമാനം സബ്സിഡി നിരക്കിൽ ബൈപ്പാസ് ഫാറ്റ് വിതരണം.
- 50 ശതമാനം സബ്സിഡി നിരക്കിൽ സ്റ്റെയ്ൻലെസ്സ്റ്റീൽ പാൽപ്പാത്രങ്ങൾ വിതരണം.